# വൈഖരി

A little kite magazine.......



## GVHSS DESAMANGALAM

# അട്ടപ്പാടി ചുരത്തിലൂടെ ഒരുയാത്ര

( ആദിത്യ )

തണുപ്പോടുകൂടിയ ആ യാത്ര രസകരമായിരുന്നു . രാവിലെ തളിർ മഞ്ഞുകളിൽ മൂടിപ്പുതച്ചുറങ്ങുന്ന വിസ്താരമേറിയ ആ വൻമരങ്ങൾ ( വനങ്ങൾ) . മരങ്ങളിലാരോ പാമ്പുകളെ തൂക്കിയിട്ടതുപോലുള്ള വൻ വള്ളിച്ചെടികൾ .അടുത്തടുത്തുള്ള മുളങ്കാടുകൾ ആരാണ് വലുതെന്നറിയുവാൻ തലയെടുപ്പോടെ നിൽക്കുന്നു . ഞാൻ ആരവത്തോടെ മലമുകളിലേക്ക് സൂക്ഷിച്ചു നോക്കി കളകളാരവുമായി ദൂരെ നിന്ന വരുന്ന ആകൊച്ചു പൂഞ്ചാലയരുവി പാറകളിലും മരങ്ങളിലും പുൽത്തകിടിയിലും തട്ടി ബിസിനസ്സുകാരനെപ്പോലെ ബസ്സിന്റെ കുറുകെ വേഗത്തിൽ ഓടുന്നു.

മഞ്ഞു പോയോ എന്നറിയാൻ വേണ്ടി കൂട്ടിൽ നിന്ന് തലപൊക്കി നോക്കുന്ന കാട്ടുമൈനകളും ഉൾക്കാടൻ കുരുവികളും എന്നെ ആകർഷിച്ചു .കുറച്ചകലയാകട്ടെ അരുവിയിലേക്കിറങ്ങുന്ന കുട്ടി. വാനരനെ ആഗ്യം കാണിച്ച് വിളിക്കുന്ന അതിന്റെ അച്ഛനമ്മമാർ. എവിടെ നിന്നോ പ്രതിധ്വനിക്കുന്ന ആനകളുടേയും മയിലുകളുടേയും നിലവിളികൾ.ബസ് ചുരത്തിലൂടെ മെല്ലെ ഇഴഞ്ഞു നീങ്ങി സൂര്യൻ മാനത്ത് തെളിഞ്ഞ് നിൽക്കുവാൻ തുടങ്ങി ഞാൻ റോഡിന്റെ ഇരുവശത്തേയ്ക്കും ഒന്നാകെ നോക്കി അവിടെയാകെ അനേകം മനുഷ്യരുടെ കാൽപ്പെരുമാറ്റങ്ങൾ, അതിന് കുറച്ചകലെയായി ഞാൻ അത് കണ്ടു `അട്ടപ്പാടിയിലേയ്ക്ക് സ്വാഗതം എന്നെഴുതിയിട്ടുള്ള തുരുമ്പിച്ച ഒരു ബോർഡ്.

# അനന്ത പ്രയാണം

## അനുപമ

വെറളി;  പിടിച്ചോരു ;  ``സ്ത്രീ'' രൂപമോടുന്നു.....
ദാഹാർത്ത  ചിത്തമായ് പൂർണ്ണം ,
വിരൂപമാം  ...
ശൈശവ നിർജ്ജീവ സത്വഭാവങ്ങളോ ...
കാണുന്നു  തെരുവോരയാതനാ  വീഥിയിൽ !...
പന്തം  പടർന്നൂ  വിശപ്പിന്റെ തേങ്ങലിൽ;
കനൽക്കട്ട   മീതെയായ്   അഗ്നി
സ്ഫുലിംഗങ്ങൾ...
ശോക വർണ്ണങ്ങളോ യേകാന്ത നിദ്രയിൽ...
ചൂട് കത്തിക്കുന്നൂ !  പനമ്പായിലീ  ജഡം
കൊണ്ട്  പോകുന്നിതാ  പിഥകിലായാളുകൾ
തീവ്രം,  ചിതയിലായി , ചിന്താപതംഗങ്ങൾ
പകലിന്റെ  വദനത്തിൽ വൈവിധ്യ
ബോധമോ        ഉയിര് പ്രാകുമ്പോഴും ഉയിര്
പോകുമ്പാഴും
പതറി  വീഴുന്നുവോ  .....
രാവിൽ നിലാപക്ഷി   .

# അല്പം ജലത്തിനായ്

## ഹുസ്ന നസ്റിൻ

അന്നത്തെ രാത്രിയിൽ ആരാണ് അവളെ ആ തെരുവിൽ ഉപേക്ഷിച്ചു പോയതെന്ന് അവൾക്കറിയില്ല അന്നു മുതൽ അവൾ വളർന്നതും അവളെ വളർത്തിയെതുമെല്ലാം ആ തെരുവായിരുന്നു തെരുവു ജീവിതത്തിൽ നിന്നും അവൾക്ക് ഒരു സുഹൃത്തിനെ കിട്ടി ചക്കിപ്പട്ടി അവൾ മെലിഞ്ഞിട്ടാണ് എപ്പോഴും വാരിയെല്ല് പുറത്തു കാണും

തെരുവിലെ പനനൊങ്ക് വിൽക്കുന്ന ആളുകൾ നൽകുന്ന ഒരു നേരത്തെ ഭക്ഷണമാണ് അവളുടെ വിശപ്പകറ്റാനുള്ള ഏകമാർഗ്ഗം കാലങ്ങൾ കടന്നുപോയി വേനൽ കടുത്ത വേനൽ ഒരുതുള്ളി വെള്ളത്തിനായി ഭൂമി പരക്കം പാഞ്ഞു അവർ ചക്കിപ്പട്ടിയെയും കൂട്ടി തീ പാറുന്ന റോഡിലുടെ നടന്നു അതാ അവിടെ ഒരു പൈപ്പ് അവർ ഓടി അടുത്തെത്തി അവർ ആർത്തിയോടെ പൈപ്പ് തുറന്നു അവളുടെ മുഖം മങ്ങി സന്തോഷം സങ്കടമായി അവർക്ക് പൈപ്പ് സമ്മാനിച്ചത് വെറും ഉഷ്ണക്കാറ്റുമാത്രം.

# ഇന്ത്യൻ ശസ്ത്ര് സാങ്കേതിക പുരോഗതി

(ഫാത്തിമ ഫസ് ല )

മാന്യരേ,

ഇന്ന് നമ്മുടെ ഇന്ത്യ ശാസ്ത്ര് സാ-ങ്കേതിക വിദ്യയിൽ വളരെ മുമ്പിലാണ്. ലോ-കത്തിന്റെ പടവുകൾ കയറി ഇന്ത്യയുടെ ത്രി-വർണ്ണ പതാക ലോക വിജ്ഞാന കോശങ്ങ-ളിൽ പാറിപറക്കുകയാണ്. പണ്ടത്തെ ഇന്ത്യ-യല്ല ഇന്നത്തെ ഇന്ത്യ. പണ്ടത്തെ അറിവല്ല ഇന്നത്തെ അറിവ്. ഇന്നത്തെ ജനസമൂഹം വ-ളർന്നു വരുകയാണ്. ഇന്ന്
ഏത്കൊച്ചുക്കുട്ടിയുടെകൈയ്യിലുംപുത്തനറിവും,പുതിയ ടെക്നോളജി-കളുമാണ്. നമ്മുടെ ഇന്ത്യൻ ശാസ്ത്ര് പുരോഗതി-
യുടെ ഒരു ഇതളാണ് മംഗൾയാൻ എന്ന മഹാ വിജയം. ച്വൊവ്വയെന്ന മഹാ ഗ്രഹത്തിലേക്ക് നമ്മുടെ ഇന്ത്യ വിക്ഷേപിച്ച ആ ഉപഗ്രഹം ആദ്യ പരീക്ഷണത്തിൽ തന്നെവിജയം കൈവരിച്ചു. പണ്ടു പൂർണ്ണ ചന്ദ്രനെക്കാണു-
മ്പോൾ പലരും പേടിച്ചിരുന്നു. പിന്നിട് അത് മനസ്സിലാക്കി കൂടുതൽ അറിഞ്ഞു. ഇന്ന് ഇന്ത്യ വളരെ ഉയരങ്ങളിലേക്ക് വിജ്ഞാന-ത്തിന്റെ തേരോടിച്ച് പായുകയാണ്. നല്ല നല്ല ശാസ്ത്ര പുരോഗതിയുടെ ഏടുകൾ ഇനിയുമുണ്ടാകട്ടെ എന്ന് പറഞ്ഞു കൊണ്ടു നിർത്തുന്നു.

ജയ് ഹിന്ദ്
ജയ് ഇന്ത്യേ

# ഒരുനിമിഷം

(അതുൽകൃഷ്ണ)

കയ്യിലെ നാണയത്തുട്ടുകളെ നിധിപോലെ സൂക്ഷിച്ച്
ചന്തയിലേക്കോടുകയായിരുന്നു പിഞ്ചു ബാലൻ
വിശപ്പിന്റെ മനുഷ്യരൂപം!
ഒരു നുള്ളു ഭക്ഷണത്തിനായ് കാത്തിരിക്കുന്ന
അമ്മയുടെയും കുഞ്ഞനുജത്തിയുടെയും തളർന്ന മുഖം മാത്രം
മനസ്സിൽ
പെട്ടെന്ന് മുന്നിലേക്ക് നീണ്ടുവന്ന,വിറയാർന്ന ഒരു കരം....!
മുമ്പിൽ, കൈ നീട്ടി കണ്ണുനീർ വാർത്തുനിന്ന യാചകബാലനു
മുമ്പിൽ
കാലുകൾ നിശ്ചലമായി...
മുഴുപട്ടിണിയുടെ ചലിക്കുന്ന പ്രതീകം....
ഒട്ടിയ വയറും കുഴിഞ്ഞ കണ്ണുകളും വാക്കുകൾ
വിലങ്ങുതടിയായി,
നാണയത്തുട്ടുകൾ പാത്രത്തിൽ വീണു ചിലപ്പോൾ ഹൃദയം
പിടഞ്ഞു
വിറയ്ക്കുന്ന ചുവടുമായി പിന്തിരിഞ്ഞു നടക്കുമ്പോൾ
വിശന്നു തളർന്നുറന്നുറങ്ങുന്ന അമ്മയുടെയും പെങ്ങളുടെയും
ശരമേറ്റ മുഖം മനസ്സിൽ അഗ്നിപർവ്വതമായി
തെറ്റും ശരിയും കെട്ടുപിണയുന്ന ഭാവിയുടെ കൈരേഖകൾ
കടമകളും ധാർമ്മികതയും തീർക്കുന്ന സമാന്തരരേഖകൾക്കിടയിൽ
പിടയുന്ന മനുഷ്യന്റെ അന്തഃ സംഘർഷം!
കർമ്മവും ധർമ്മവും മരീചികയായ് മാറുന്നു
ഇവിടെ പൂർണ്ണമായ തെറ്റുകളും ശരികളുമില്ല-
എല്ലാം അപേക്ഷികമാണ് ഒന്നും ആത്യന്തികമാകുന്നില്ല-
അക്ഷരങ്ങളുടെ ഘോഷയാത്ര ഇവിടെ അവസാനിക്കുന്നു-
ഇനി നമ്മുക്ക് കൂടുതൽ വലിയ ശക്തികളിലേക്കുള്ള
ചൂണ്ടുകളാക്കാം.............!

# ഒരു സാന്ത്വനം കൂടി

നല്ല നല്ല പാട്ടുകൾ
പൂവുകൾ നിലാവുകൾ
പർവതങ്ങൾ കടലുകൾ
കാട്ടുചോലകൾ
കൺതുറന്നു കാണുക
നീ വരച്ച ലോകമത്ര
മോശമല്ലട്ടോ....
വിഷമവും വിഷാദവും
വിഷവുമേറേ ദുരിതവും
മടുപ്പുമാത്മനിന്ദയും
ഭാഗ്യദോഷവും
നഷ്ടവും നിരാശയും
നൊമ്പരങ്ങളും
മാരണങ്ങളും
ഒക്കെയുണ്ടെങ്കിലും
തുച്ഛമാണെങ്കിലും
നീ വരച്ച ജന്മമത്ര
മോശമല്ലെടോ!

( അനുശ്രീ പി എസ് )

# കരയുന്ന കുന്നുകൾ

**പർവ്വതമലപോൽപടരുന്നു**
**ഹരിതകമാർന്നകുന്നുകൾ**
**വൻമരത്തിൻ മടിത്തട്ടിൽ**
**ചാഞ്ചാടിനിൽക്കുംകുന്നുകൾ**
**കായുംപഴവുംനൽകുന്നു**
**ഹരിതകപ്പൂന്തോപ്പുകൾ**
**പച്ചപുതച്ചുകിടക്കുന്നു**
**മനോഹിതയായകുന്നുകൾ**
**റോഡു പണിക്കു പോകുന്നു**
**ജീവനവേണ്ടികരയുന്നു**
**കാട്ടിലെന്നുംവലിയവളായ**
**പ്രകൃതിവർണമാം കുന്നുകൾ.**

( മുഹ്സിന )

# കുഞ്ഞി കിളിയോട്

**ഓലത്തുമ്പിൽ ഊഞ്ഞാലാടും**
**കുഞ്ഞിക്കിളിയെ വന്നാട്ടേ**
**കാടും തോടും നദിയും വയലും**
**ചൊല്ലും കഥകൾ ചൊന്നാട്ടെ**
**കുന്നിൻ ചെരിവിൽ പാറിനടന്നാൽ**
**വയലോലകളെ കണ്ണാമോ?**
**കാറ്റത്താടും കൂട്ടിലിരുന്നാൽ**
**തോടും പുഴയും കാണ്ണാമോ**

( മുഹമ്മദ് ഫിറോസ് )



# കൊതിയിൽ കുടുങ്ങി

ചെല്ലൻകുറുക്കൻ വലിയതീറ്റക്കൊതിയനാണ്. കാട്ടിലെ
തീറ്റമതിയാവാതെവന്നപ്പോൾ ചെല്ലൻ നാട്ടിലിറങ്ങാനും തുടങ്ങി.
ഇതറിഞ്ഞ്  ചെല്ലന്റെ കൂട്ടുകാരായ ശിക്കനും കുക്കനുമൊക്കെ
പറഞ്ഞു :
'ചെല്ലാ , നീ പകൽ വെളിച്ചത്തിൽ നാട്ടിലിറങ്ങുന്നത് ആപത്താണ്.
മനുഷ്യർ നിന്നെ
പിടിച്ച് തല്ലിക്കൊല്ലും ."
"ഹും ഞാൻ വലിയ സൂത്രക്കാരനാണ് മനുഷ്യരുടെ പിടിയിൽ
പെടാതിരിക്കാനുള്ള സൂത്രമൊക്കെ എനിക്കറിയാം "  ചെല്ലൻ
അഹങ്കാരത്തോടെ പറഞ്ഞു . പകൽ പിന്നെയും നാട്ടിലിറങ്ങി
കോഴിയേയും മറ്റും പിടിക്കുവാൻ തുടങ്ങി , ഒരു ദിവസം ചെല്ലൻ
ചെന്നെത്തിയത് താറാവുകാരൻ ചേക്കന്റെ വീട്ടിലാണ്
വീട്ടുമുറ്റത്തുള്ള കൂട്ടിൽ നിന്ന് ഒരു താറാവിനെ പിടിച്ച് അവൻ
ശാപ്പിട്ടു .അപ്പോൾ
ചെല്ലന് വല്ലാത്തദാഹം. ചുറ്റും നോക്കിയ ചെല്ലൻ ഒരു കുടം കണ്ടു.
കുടത്തിന്റെയടിയിൽ കുറച്ചു വെള്ളമുണ്ട് .മൂപ്പർവേഗം കുടത്തിൽ
തലയിട്ടു. വെള്ളം കുടിച്ചശേഷം തലകുടത്തിൽ നിന്ന് എടുക്കാൻ
കിട്ടുന്നില്ല . ആകെ പരിഭ്രമിച്ച ചെല്ലൻ കുറുക്കൻ
കുടംനിലത്തിട്ടടിക്കുവാൻ തുടങ്ങി . ചെമ്പു കുടമായതുകൊണ്ട്
നിലത്തിട്ടടിച്ചപ്പോൾ വല്ലാത്ത ശബ്ദം . ആ ശബ്ദം കേട്ട് ചെക്കൻ ഓടി
വന്നു ,കുടത്തിൽ തല കുടുങ്ങിക്കിടക്കുന്ന കുറുക്കനെക്കണ്ട്
ചേക്കന്ന് ചിരി വന്നു ചേക്കൻ ഒരു വടിയെടുത്ത്  ടപ്പേ ടപ്പേ എന്ന്
കുറുക്കനെ അടിക്കുവാൽ തുടങ്ങി അടികൊണ്ട് വീണപ്പോൾ
ചേക്കൻ കുടം ചേക്കന്റെ തലയിൽ നിന്ന് വലിച്ചെടുത്തു കുടത്തിൽ
നിന്ന്  തലയൂരിക്കിട്ടിയപ്പോൾ ചെല്ലൻ ഓടെടാ ഓട്ടം അതോടെ
ചെല്ലൻ കുറുക്കന്റെ പകൽ വേട്ട അവസാനിച്ചു.

( ഷിമാനാ ഷാമിൻ )

# കോലാട്

അവളുടെ നാൽപ്പത്തി മൂന്നാമത്തെ വയസ്സിൽ തമാശക്കാരനായ മൂത്ത മകൻ പറഞ്ഞു : 'അമ്മേ നിങ്ങളെ കണ്ടാൽ ഒരു കോലാടി നെയാണ് ഓർമ്മ വരിക' അവൾ അവന്റെ ചിരിയിൽ പങ്കുകൊണ്ടു. പക്ഷേ അന്ന് അവരെല്ലാവരും വീട്ടിൽ നിന്ന് പുറത്തു പോയപ്പോൾ അവൾ കണ്ണാടിയെടുത്ത്  വിഷണ്ണതയോടെ തന്റെ മുഖം പരിശോധിച്ചു. തന്റെ ഒട്ടിയ കവിളുകളെ വിണ്ടും പുഷ്ടിപ്പെടുത്തുവാൻ വല്ല മാർഗ്ഗവുമുണ്ടായിരുന്നെങ്കിൽ തന്റെ ജീവിതവും അതോടൊപ്പം പുഷ്ടിപ്പെടുമെന്ന് അവൾക്ക് തോന്നി. യൗവ്വനവും ദേഹ പുഷ്ടിയും ഉണ്ടായിരുന്ന ഓരോന്നോർത്ത് കണ്ണാടി നോക്കിക്കൊണ്ട് ഇരിക്കുവാൻ അവൾക്കു മനസ്സുവന്നില്ല. അടുക്കളയിൽ പാൽ തിളയ്ക്കാൻ തുടങ്ങുകയായിരുന്നു. രാവിലെ മുതൽ അർദ്ധരാത്രി വരെ അവിശ്രമം ജോലിയെടുത്ത് അവൾ തന്റെ കുടുംബത്തെ വളർത്തിക്കൊണ്ടു വന്നു. മെലിഞ്ഞ്, വെളുത്ത് അവിടെയിവിടെയായി ചില ഒടിവുകൾ പറ്റിയെന്ന് കാണിക്കുന്ന ഒരു ശരീരമായിരുന്നു അവളുടേത്. പക്ഷേ അവൾ ഒരിക്കലെങ്കിലും ക്ഷീണിച്ച് വീഴുകയോ ആവലാതിപ്പെടുകയോ ഉണ്ടായില്ല . അതുകൊണ്ട് അവൾ വെള്ളം നിറച്ച പാട്ടകൾ എടുത്തുപൊക്കി കുളിമുറിയിൽ മറ്റും നടക്കുമ്പോൾ അവളുടെ ഭർത്താവും മുതിർന്ന മക്കളും അവളെ സഹായിക്കാൻ  മുതിർന്നില്ല. അവൾ പഠിപ്പും പരിഷ്കാരവുമില്ലാത്തവളായിരുന്നു. വീട് അടിച്ചു തുടച്ച് വൃത്തിയാക്കാനും ഭക്ഷണം പാകം ചെയ്യുവാനും തുണികൾ അലക്കി ഇസ്തിരിയിടാനും അവൾക്കുള്ള പാടവത്തെപ്പറ്റി അവൾ വെളിപ്പെടുത്തി. അവൾ പുഞ്ചിരി തൂകി. ഇളയ മകൻ സ്കൂളിൽ നിന്ന് മടങ്ങിവരുമ്പോൾ ഒരിക്കിൽ ഒരു നെല്ലിയ്ക്ക അവൾക്കായി

കൊണ്ടുവന്നു. അന്ന് അടുക്കളയുടെ ഇരുട്ടിൽ നിന്ന് കൊണ്ട് അവൾ പേക്കോലമായി  സ്കൂളിൽ ഡ്രാമയ്ക്ക് താനും കൂടെ

വരുമെന്ന് അവൾ പറഞ്ഞപ്പോൾ അവൻ പറഞ്ഞു : അമ്മ വരണ്ട എനിക്ക് കുറവാണ് അതിനെന്താ, ഞാൻ സിൽക്കിന്റെ സാരി ഉടുക്കാലോ ക,ല്യാണ സാരി ' അവൾ പറഞ്ഞു എന്നാലും വേണ്ട' മെലിഞ്ഞ കാലുകൾ, രണ്ടു മുറികളുള്ള ആ കൊച്ചു വീട്ടിൽ വിശ്രമമില്ലാതെ ചലിച്ചു കൊണ്ടിരുന്നു. ഒടുവിൽ ആ യന്ത്രവും കേടുവന്നു. അവൾക്ക് പനി തുടങ്ങി വയറ്റിൽ വേദനയും, ഇഞ്ചിനീരും കുരുമുളക് രസവും ഒന്നും അവളെ സഹായിച്ചില്ല പത്താം ദിവസം ഡോക്ടർ അവളുടെ ഭർത്താവിനോടു പറഞ്ഞു ഇവരെ ഉടനെ ആശുപത്രിയിലേക്ക് കൊണ്ടു പോവണം ഇത് മഞ്ഞക്കാമലയുടെ ഒരു സീരിയസ് കേസാണ് പാഠപുസ്തകങ്ങൾക്ക് മുമ്പിൽ ഇരുന്നിരുന്ന കുട്ടികൾ അതു കേട്ടു നടുങ്ങി ഒരു പരിചാരകൻ അവളെ ചക്രക്കട്ടിലിൽ കിടത്തി ഉന്തിക്കൊണ്ട് ആശുപത്രി മുറിയിൽ പ്രവേശിച്ചപ്പോൾ കണ്ണുകൾ മിഴിച്ചു കൊണ്ട് അവൾ പറഞ്ഞു അയ്യോ പരിപ്പ് കരിയ്ണ്ട് തോന്നണൂ അവളുടെ ഭർത്താവിന്റെ കണ്ണുകൾ നനഞ്ഞു.

( ഫർസീന യു )



# തലശ്ശേരിക്കാരൻ കുഞ്ഞായിൻ മുസ്ലിയാർ

നസറുദ്ദീൻ ഹോജ എന്ന രസികനെക്കുറിച്ച് ചങ്ങാതിമാർ കേട്ടിരിക്കുമല്ലോ. തുർക്കിയിലേ അക്ഷേഗിറിലായിരുന്നു ഹോജ,പതിനജാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്. നമ്മുടെ കേരള സാംസ്കാരിക ലോകത്ത് തേനൂറുന്ന നർമ്മത്തിസൂടെ ചിരിപ്പിച്ച് ചിന്തിപ്പിച്ചു ജീവിച്ച മഹാനാണ്  കുഞ്ഞായിൻ മുസ്ലിയാർ കോഴിക്കോട്ടെ സാമൂതിരി മഹാരാജാവിന്റെ കൊട്ടാരത്തിലെ മങ്ങാട്ടച്ചന്റെ ഉറ്റചങ്ങാതിയായിരുന്നു ഇദ്ദേഹമെന്ന് ചരിത്രരേഖകളിൽ കാണുന്നുണ്ട്.

എ.ഡി.1700നടുത്ത് തലശ്ശേരിയിലെ പള്ളിക്കടുത്ത് 'ചന്തനം കണി' തറവാട്ടിലാണ് ജനിച്ചത്. കുഞ്ഞുനാളിൽ തന്നെയും കുസൃതികളും തമാശകളും പ്രവൃത്തികളും സകലരെയും ചിരിപ്പിച്ചിരുന്നുവത്രേ

(ഹസ്ന നജ )



# നമ്മുക്ക് വികസന വിശുദ്ധരാകാം

ശുദ്ധമായ വായുവും ജലവും ഭക്ഷണവും മറ്റു ജീവിത സാഹചര്യങ്ങളും എല്ലാവർക്കും ലഭിക്കുന്നതും ഭാവിതലമുറക്കൾക്കുകൂടി ഇവയെല്ലാം ഉറപ്പാക്കുന്നമായ ഒരു പ്രകൃതിയാകണം യഥാർത്ഥവികസനം വികസനം എന്ന പേരിൽ ഇന്നു നടക്കുന്ന ഏതെങ്കിലും പ്രവർത്തനം ഒരാൾക്കെങ്കിലും ഇവ ഉറപ്പാകുന്നുണ്ടോ വായുവും വെള്ളവും ഭക്ഷണവും മലിനമായതുകൊണ്ടും ജീവിത സാഹചര്യങ്ങൾ വഴിതെറ്റിയതുകൊണ്ടും രോഗാതുരവും സംസ്കാരശൂന്യവുമായ ദൈവത്തിന്റെ സ്വന്തം നാട് മതി ഇത്തരം വികസനം എന്നു പറയുവാനുള്ള വിവേകം കാണിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു

**( ഷഹർബാനാ ഷാമിൻ )**



# നിറം

അയാൾ നിറം കൊടുത്തു വരച്ച ചിത്രത്തിൽ നിന്ന് ഒരു കിളി
പറന്ന് ദൂരെ പോയി ദൂരെ ഒരു മരത്തിൽ ഇരുന്നു അയാളെ
ഒളിഞ്ഞു നോക്കി പിന്നീട് ഭയത്തോടെ വിണ്ടും പറന്നകന്നു
നഷ്ടപ്പെട്ട കിളിയുടെ ചിത്രം നിറങ്ങളിൽ തിരയുകയായിരുന്നു
ഒന്നിലും കിളിയുടെ ശബ്ദ്മോ നിറമോ അയാൾ കണ്ടില്ല
അപ്പോഴും ഉള്ളിൽ പേര് അറിയാത്ത കിളിയുടെ രൂപം അയാൾ
ഓർക്കാൻ ശ്രമിച്ചു അത് അപ്പോൾ ചിലച്ചു
കൊണ്ടിരിക്കുകയായിരുന്നു .

( അഭിനന്ദ് പി എസ് )

# പുഴ

ഒഴുകുന്നു മണ്ണിന്റെ മാറിലൂടെ തഴുകുന്നു
കുളിരോലും കൈകളാലേ ഇരുവശം
മുറ്റിത്തഴച്ചുവന്നു മാനവ സംസ്കാര കേദാരങ്ങൾ
ഇത് പുഴയുടെ പഴയകാലമാണ്
വറ്റിയ പുഴയിൽ നീർ വലിയുന്നു മുറ്റിയ
പാമ്പുകൾ വേവുന്നു തീരമിടിഞ്ഞു
കിടപ്പുമണലിൽ ലോറികൾ നീണ്ട നിരയ്ക്കൊപ്പം
മണ്ണിന്റെ മാറിലൂടെ ആർത്തിരമ്പുന്നു.

( റിൻഷാദ് )

# പ്ലാസ്റ്റിക്കിന്റെ ചരിത്രം

വളരുക്കയും വികസിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന എന്നർത്ഥമുള്ള `പ്ലസ്റ്റിക്കോസ് ' പ്ലാസ്റ്റിക്ക് എന്ന പദത്തിന്റെ നിഷ്പത്തി താപിപ്പിച്ച് തരളാവസ്ഥയിലേക്കുകയോ മൃദുവാക്കുകയോ ചെയ്യുന്ന ഈ പദാർത്ഥത്തെ ഏതുരൂപത്തിൽ വേണമെങ്കിലും വാർത്തെടുക്കാം തണുത്തുകഴിയുമ്പോൾ പഴയത്തുപോലെ ഉറപ്പും ബലവും ലഭിക്കുന്നു എന്നാണിത്തിന്റെ സവിശേഷത

പെട്രോണിയത്തിലും പ്രകൃതിവാതകങ്ങളിലും കാണപ്പെടുന്നു ഹൈഡ്രോകാർബണേറ്റുകളാണ് പ്ലാസ്റ്റിക്ക് നിർമാണത്തിനുള്ള അടിസ്ഥാന ഘടകം പെട്രോളിയത്തിന്റെ ശുധികരണ വേളയിൽ ഉണ്ടാവുന്ന എത്തിൻ വാതകം ഉയർന്ന മർദ്ദത്തിൽ 200 ഡിഗ്രി വരെ തപിപ്പിക്കുമ്പോൾ മെഴുകുപോലെയുള്ള ഒരു പദർത്ഥം പോളി എത്തിലിൻ ലഭിക്കുമ വലിയൊരു ചങ്ങലപോലെ തന്മാത്ര ഘടനയുള്ള ഇവയെ പോളിമാർ എന്നുവിളിക്കുന്നു എല്ലാ പ്ലാസ്റ്റിക്കുകളും പോളിമാർ ആണ്

പ്രകൃതിയിലും ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ ഉണ്ട് പലതരം അരക്കുകൾ കാക്കപൊന്ന്, മരക്കറകൾ , കോലരക്ക് എന്നിവ ഉദാഹരണം ഈ മരക്കറകളും മെഴുകും ചേർത്ത് അലങ്കരവസ്തുകൾ നിർമിക്കുന്ന പതിവ് പഴയ കാലത്ത് ഉണ്ടായിരുന്നു

( ശ്രീജിത പി എസ് )

# പ്ലാസ്റ്റിക്ക് കത്തുന്ന വിന

പ്ലാസ്റ്റിക്ക്  കത്തുമ്പോൾ പല വിഷവാതകങ്ങളും അന്തരീക്ഷത്തിലേക്ക് പറന്നുയരുന്നു ഇത് മലിനീകരണങ്ങളിൽ ഒരു വായുമലിനീകരണത്തിന് കാരണമാകുന്നു. പ്ലാസ്റ്റിക്ക് കത്തുമ്പോൾ നാം ശ്വസിക്കുന്നത് നമുക്ക് അസ്വസ്ഥത ഉണ്ടാക്കുന്നു. പ്ലാസ്റ്റിക്ക് മണ്ണിൽ എളുപ്പത്തിൽ വിഘടിച്ച് ചേരുന്നില്ല ഇത് ജലത്തെ മണ്ണിലിറങ്ങാനും തടസപ്പെടുത്തുന്നു. മണ്ണിലെ വായുസഞ്ചാരം കുറക്കുന്നു വേരുകളുടെ സുഗമമായ വളർച്ചയെ തടസ്സപ്പെടുന്നു പ്ലാസ്റ്റിക് പാത്രത്തിൽ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കൊതുക് മുട്ടയിട്ട് പെരുകുന്നു ജലാശയങ്ങളിൽ എത്തുന്ന പ്ലാസ്റ്റിക്  വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്നു കെട്ടിക്കിടക്കുന്ന വെള്ളത്തെ പ്ലാസ്റ്റിക്ക് മാലിന്യമാക്കുന്നു ജലജീവികൾ നശിക്കുന്നു ഭക്ഷണത്തോടോപ്പം ജലജന്തുക്കളുടെ ശരീരത്തിൽ എത്തുന്നു പ്ലാസ്റ്റിക്കിൽ അടങ്ങിയിരിക്കുന്ന വിഷവസ്തുക്കൾ ദഹനം,ശ്വസനം പ്രത്യുല്പാതനം തുടങ്ങിയ പ്രവർത്തനെങ്ങളെ പ്രതികൂലമായി ബാധിക്കുന്നു കുട്ടികളിൾ ക്യാൻസർ , ബുദ്ധിമാന്ദ്യം എന്നി അസുഖങ്ങൾക്ക് കാരണമാക്കുന്നു ഇതാണ് പ്ലാസ്റ്റിക്കിന്റെ ദുർവശങ്ങൾ പ്ലാസ്റ്റിക്കിനു പകരം തുണി സഞ്ചി ചണ സഞ്ചി എന്നിവ ഉപയോഗിച്ചാൽ ഒരുപരിധി വരെ പരിഹാരം കാണുവാൻ നമുക്കു സാധിക്കും.

**( അരവിന്ദ് എ ആർ )**

# ഭൂമിയുടെ ആത്മകഥ

ഞാൻ ഭൂമി ,എല്ലാ ജീവജാലങ്ങളുടേയുംഅമ്മ . ജ്വലിച്ചു കൊണ്ടിരിക്കുന്ന സൂര്യനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഗോള മാണ് ഞാൻ . എതാണ്ട് 460 കോടി വർഷമായി ഞാൻ ജനിച്ചിട്ട് ഞാൻ ജനിച്ച് കോടിക്കണക്കിനു വർഷംകഴിഞ്ഞാണ് എന്നിൽ ജീവൻ ഉണ്ടായത് .ധ്രുവങ്ങളിൽ അൻപം പരന്ന് നടുഭാഗം അൽപം ഉന്തിയാണ് എന്റെ രൂപം, എന്റെ ഘടന ഒരു മുട്ടയോട് ഉപമിക്കാം ഏറ്റവും പുറമേ കട്ടികുറഞ്ഞ പാളിയായ ഭൂവൽക്കം കേന്ദ്രഭാഗമാണ് കാമ്പ്. ഇതിനും ഇടയ്ക്കായി മാന്റി ൽ എന്ന ഭാഗം "സർവ്വം സഹ " എന്നെന്നെ പ്രകീ റ്ത്തിക്കാറുണ്ടെങ്കിലും എന്റെയുള്ള് തിള്ച്ച മറിയുകയാണ് .അധവാ എന്റെയുള്ളിൽ ലാർവകൾ അതിയായ ചൂടിൽ ഉരുകിയാണ് സ്ഥിതി ചെയ്യുന്നത് . എനിക്ക് എന്റെ അച്ചുതണ്ടിൽ സ്വയം തിരിയുന്നതിന് 24 മണിക്കൂർ വേണം .ഇതാണ് ഒരു ദിവസം .സൂര്യനു ചുറ്റും തിരിയുന്നതിന് 365 1\4 ദിവസം എടുക്കുന്നു ഇതാണ് ഒരു വർഷം എന്നു പറയുന്നത്.

( ഷഹല ഷെറിൻ )

# മരം ഒരു വരം

അണ്ണാനും കിളിയും വസിക്കും
നല്ലൊരു മരമുണ്ടേ.......
തണലിന്നുവേണ്ടി നമ്മൾ അലയും
നല്ലൊരു മരമുണ്ടേ......
തരും പഴങ്ങൾ നമ്മൾക്കുവേണ്ടി
നല്ലൊരു മരമുണ്ടേ......
വീടുകൾ വെക്കാൻ നമ്മൾ തേടും
നല്ലൊരു മരമുണ്ടേ......
പ്രാണവായു സമ്മാനിക്കും
നല്ലൊരു മരമുണ്ട......
നശിപ്പിക്കരുതെ ജീവനവേണ്ടി
ഈ നല്ല മരങ്ങളെ നാം.

( നന്ദന പി എം )

# രണ്ടു മരംവെട്ടുകാർ

ഒരു നാട്ടിൽ ഒരു മരംവെട്ടുകാരനുണ്ടായിരുന്നു അയാൾ ഭിവസവും കാട്ടിൽ പോയി മരംവെട്ടുമായിരുന്നു ഒരു ദിവസം അയാൾ കാട്ടിൽ പോയി മരംവെട്ടുമ്പോൾ കൈയ്യിലിരുന്ന കോടാലി വഴുതി തൊട്ടടുത്തുള്ള പുഴയിൽ ചെന്നു വീണു മരംവെട്ടുകാരൻ പുഴയിലിറങ്ങി ഇടുപ്പിൽ കെട്ടിയിരുന്ന തോർത്തുപയോഗിച്ച് കോരി കോരി തപ്പിനോക്കി ഒടുവിൽ കിട്ടാതായപ്പോൾ അയാൾ വനദേവതയോട് പ്രാർത്ഥിച്ചു പിന്നിട് അയാൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല വനദേവത തന്റെ മുന്നിൽ നിൽക്കുന്നു. വനദേവത ചോദിച്ചു എന്തിനാ നിങ്ങൾ കരയുന്നത് ഇതിൻ ഏത് ആണ് നിങ്ങളുടേത്
എന്ന് വനദേവത ചോദിച്ചു വനദേവത വെള്ളി മഴുവും ഇരുമ്പ് മഴുവും കാണിച്ചു അയാൾ തന്റെ ഇരുമ്പ് മഴു വങ്ങിച്ചു വനദേവതയോടു നന്ദി പറഞ്ഞ് മടങ്ങിപ്പോയി ഇതെല്ലാം കണ്ടു നിന്നിരുന്ന ഒരാൾ അയാൾ കാണിച്ചതുപോലെ കാണിച്ചു അപ്പോൾ വനദേവത ചോദിച്ചു ഇതിൽ ഏതു മഴുവാണ് നിങ്ങുടെതെന്ന്,അയാളുടെ കണ്ണുകൾ തുറിച്ചു നിന്നു. അയാൾ ചാടിപ്പോയി എല്ലാം വാങ്ങാൻ നോക്കി പക്ഷേ വനദേവത കൊടുത്തില്ല താങ്കളുടെ അത്യാറ്ത്ഥിയും സ്വാർത്ഥതയുമാണ് നിങ്ങളെ ഇങ്ങനെയാക്കിയതെന്നു
പറഞ്ഞ് വനദേവത അപ്രത്യക്ഷയായി.

(ഫർസാന എം )

# മലയാളമെന്നൊരു നാട്

ഐക്യകേരളം എന്ന ആശയം ശക്തിപ്രാ-
പിച്ചത് 1920കൾ മുതലാണ്.1928ൽ എറണാ
കുളത്തുനാട്ടുരാജ്യ പ്രജാസമ്മേളനം വലിയൊരു അലയായി.
1949. ൽ തിരുവിതാം കൂറും കൊച്ചിയും സംയോജിച്ചു . അന്ന്
തിരുവിതാം കൂർ
മുഖ്യമന്ത്രിയിരുന്ന ടി.കെ. നാരായണ പിള്ളയുടെ
നേതൃത്വത്തിലായിരുന്നു സംയോജിത മന്ത്രിസഭ.
പീന്നീട് 1955 വരെ പല മന്ത്രിസഭകളും ഭരണത്തിലേറി.
1956മാർച്ചിൽ പ്രസിഡന്റു ഭര-ണം ഏർപ്പെടുത്തി. അപ്പോഴാണ്
ഭാഷാടിസ്ഥാ-
നത്തിൽ സംസ്ഥാന രൂപവത്കരണത്തിനു തീരുമാനം
വന്നത് .തിരുകൊച്ചിയിലെ നാലു സംസ്ഥാനങ്ങളിൽ
ഒന്നിന്റെ ഭാഗവും തമിഴ് നാട്ടിലേക്ക് ചേർത്തു മലബാർ
ജില്ലയെയും തെക്കൻ കനറയിലെ കാസർകോടിനെയും
ഹൊസ്ദുർഗിനെയും തിരുകെച്ചിയോട് ചേർത്ത്
1956 നവംബർ ഒന്നിന് ഐക്യകേരളം രൂപം കൊണ്ടു.
( കേരളപിറവിസമയത്ത് തമിഴ് നാടിനു വിട്ടുകൊടുത്ത
ഭാഗങ്ങൾ ഏതൊക്കയെന്ന് കണ്ടുപിടിക്കൂ )

## ഒറ്റനോട്ടത്തിൽ

തലസ്ഥനം : തിരുവനന്തപുരം
വിസ്തീർണം :38,63ചതുരശ്ര കിലോമീറ്റർ
നീളംകൂടിയ നദി:പെരിയാർ
ജനസംഖ്യ:3.3 കോടി (204 സെൻസസ് പ്രകാരം)
നിയമസഭാ മണ്ഡലങ്ങൾ: 140
ലോകസഭാ മണ്ഡലങ്ങൾ:20

( അബൂബക്കർ റ്റി എ )

# മാങ്ങക്കൊതി

മൂത്തുപഴുത്തപ്പോൾ മൂവാണ്ടൻ
മാങ്ങയ്ക്കു പോരാൻ കൊതിയായി
താഴോട്ടു പോരാൻ കൊതിയായേ
ഞെട്ടറ്റു ചാടാൻ കൊതിയായേ
തെങ്ങിന്റെ മണ്ടയിൽ നിന്നും ചാടുന്ന
അണ്ണാറക്കണ്ണനെ പേടിയാണേ
മാവിനു ചുറ്റും കലപില കൂട്ടുന്ന
കാക്കക്കുറുമ്പനേം പേടിയാണെ
തെന്നലു വന്നു തഴുകുന്നേ പിന്നെ പിന്നെ
കെട്ടിപ്പിടിച്ചുമ്മ വെയ്ക്കുന്നേ
കാറ്റത്തും മഴയത്തും വീഴാതെ
ചാഞ്ചക്കമാടി നിൽപ്പാണേ
ചാക്കുമായെത്തും ചാക്കോച്ചേട്ടൻ
തല്ലിപ്പറിച്ചെന്നെ നോവിക്കും
കുഞ്ഞിളം പല്ലുകൾ കാർന്നു തിന്നാൻ
കുഞ്ഞു ചുണ്ടെന്നുമെൻ ഉമ്മവയ്ക്കാൻ
താഴോട്ടു പോരാൻ കൊതിയായേ
മാങ്ങയ്ക്കു പോരാൻ കൊതിയായേ.

( മുഹമ്മദ് ഷെഹീം )

1.

# രക്തസാക്ഷി

ചുമരു തിന്നു വീർത്ത കണ്ണുള്ളവൾ ഉള്ളിൽ ഒരു കടലു പേറുന്നു
വിള്ളലുകളിൽ സ്വപ്നങ്ങളുടെ ചാപിള്ളയെ പോറ്റുന്നു ഉള്ളിൽ
നിലവിളികളൊളിപ്പിച്ച് മുടിയിൽ വസന്തം ചൂടി രണ്ടായി
പിളർന്ന ചങ്കിന് ചിരിക്കുപ്പായം തൈയ്ക്കുന്നു. പാളി
നോട്ടങ്ങളുടെ തീമഴയിൽ മഞ്ഞുപോലുറഞ്ഞ് ഇതാ ഒരു
'പെൺ പ്രതിമ' മുഖമില്ലാത്തവൾ...... മരണം മറ്റുള്ളവർക്ക്
തീറെഴുതി കൊടുത്തവൾ ഇരുട്ടു പ്രാപിച്ചു കൊന്ന
വെയിൽത്തുള്ളി ! തീ നിറത്തിലുള്ള ചെമ്പരത്തികൾ
നിഴലിന്റെ മറവിൽ നട്ടുനനച്ച് ഏകാന്തതയുടെ മഞ്ഞ
വിടർന്ന ഉച്ചകളിൽ, ഒരു വസന്തത്തിന്റെ ചിത സ്വപ്നം
കണ്ടവൾ ഋതുക്കൾ ഇവർക്ക് കാമുകറ് ഒടുവിലത്തെ പ്രണയം
മരണം നിന്റെ ജിജ്ഞാസകളിൽ ഒന്നിലേറെത്തവണ
ബലാൽസംഘം ചെയ്യപ്പെട്ട കന്യക ചരിത്രത്തിന്റെ
ഓഹരിച്ചന്തയിൽ കുറ്റബോധത്തിന്റെ ഗർഭം ധരിച്ച് ചോരയൂട്ടി
വളറ്ത്തിയപ്പോൾ ഇവൾ തോറ്റുപോയ രക്തസാക്ഷികളിൽ
അവസാനത്തെയാൾ.

( അനുശ്രീ പി എ സ് )

# വിശന്നു വലയുന്ന ലോകം

ഇന്ന് ലോകത്ത് 10 കോടിയോളം മനുഷ്യർ കൊടും പട്ടിണിയുടെ നിഴലിലാണന്ന് യു. എൻ. ഭക്ഷ്യകാർഷിക സംഘടനകൾ കണക്കുകളിലൂടെ വ്യക്തമാക്കുന്നു. കേരളത്തിലെ അട്ടപ്പാടിയിൽ നിന്നും അടുത്തിടെ നിരവധി പട്ടിണി മരണങ്ങളാണ് റിപ്പോർട്ട് ചെയ്തത്
ലോകജനസംഖ്യയാകട്ടെ എഴുന്നൂറു കോടി കവിഞ്ഞിരിക്കുന്നു. ഇത്രയും പേർക്ക് ആരോഗ്യകരമായ ജീവിതം നയിക്കാനുള്ള ഭക്ഷണമെവിടെ? കൃഷിഭൂമിയെവിടെ? ലോകത്തിന്റെ ഉറക്കം കെടുത്തുന്ന ചിന്തകളാണിവ.

## അന്നം മുട്ടിക്കുന്നത്

കൃഷിചെയ്യാനുള്ള താത്പര്യക്കുറവ്
പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണം.
ഒറ്റത്തവണ മാത്രം വിളവുനൽകുന്ന അന്തക വിത്തുകളുടെ അമിത പ്രചാരം.
രാസ കീടനാശിനികളും രാസവളങ്ങളും വിതയ്ക്കുന്ന ദുരന്തങ്ങൾ.
വിത്തിന്മേലുള്ള പേറ്റന്റ് സ്വന്തമാക്കാനുള്ള നെറികെട്ട മത്സരങ്ങൾ.
ജൈവ വൈവിധ്യ നാശം.
ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ.

( വിഘ്നേഷ് റ്റി യു )